# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 7519** | **17.07.2012- ൽ മറുപടിക്ക്**

## അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കൃഷി വകുപ്പിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള നിയമനത്തിൽ കൃഷി ഓഫീസർമാർക്കും സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റുമാർക്കുമുള്ള പ്രൊമോഷൻ റേഷ്യോ എത്രയാണ്;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) & (ബി) കൃഷി ഓഫീസർമാർക്കും, സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റുമാർക്കും അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള നിയമനത്തിലെ റേഷ്യോ 7.8.2010 വരെ 16.3.1992-ലെ സ.ഉ (കൈ) നം.81/92/കൃഷി പ്രകാരം യഥാക്രമം 10:1 ആയിരുന്നു. എന്നാൽ 07.08.2010 തീയതിയിലെ ജി.ഒ (എം.എസ്) നം.199/2010/എഡി ഉത്തരവ് പ്രകാരം ടി റേഷ്യോ 1:1 ആയി ഭേദഗതി ചെയ്തു. എന്നാൽ കൃഷി വകുപ്പിലെ മറ്റു വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നും പരാതികൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് താൽക്കാലികമായി നടപ്പാക്കരുതെന്ന് കൃഷി ഡയറക്ടർക്ക് സർക്കാർ കത്ത് നം.35028/ഇഎ 1/11/കൃഷി, തീയതി.12.12.2011 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതി പരിഹാരത്തിനായി സർക്കാർ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിന്റെ തീരുമാന പ്രകാരം കൃഷി വകുപ്പിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള നിയമനത്തിന്റെ വിദ്യാഭ്യാസ യോഗ്യതയായി അഗ്രികൾച്ചർ/ ഹോർട്ടി കൾച്ചറിലുള്ള ബി.എസ്.സി. ബിരുദം എന്നും റേഷ്യോ 10:1 എന്നും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചു.

| | | |
|---|---|---|
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഉത്തരവ് നടപ്പാക്കുന്നതിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) നൽകിയിട്ടില്ല. എന്നാൽ പെൻഷൻ ആകുന്നതിന് ആറു മാസം ശേഷിച്ചിരുന്ന ഒരു സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റിന് 3.6.1999-ലെ 5328/ റൂൾസ്-1/99/ ഉപഭവ നമ്പരായുള്ള സർക്കുലറിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രൊവിഷണൽ പ്രൊമോഷൻ 7.8.2010 ന് ശേഷം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് സോയിൽ കെമിസ്റ്റായി പ്രൊമോഷൻ നൽകുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ